# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/239/2017 2017 നവംബർ 13

## പത്രക്കുറിപ്പ്

### എം.ജി.യിൽ വിദ്യാർത്ഥി അദാലത്ത്: ഓൺലൈൻ രജിസ്ട്രേഷൻ നാളെ (ബുധൻ) മുതൽ

***(ദയവായി എല്ലാ എഡിഷനുകളിലും)***

വിദ്യാർത്ഥികളുടെ വിവിധ പരാതികൾ ഉടൻ തീർപ്പാക്കുന്നതിനായി മഹാത്മാഗാന്ധി സർവ്വകലാശാല നടപ്പാക്കുന്ന അദാലത്തിൽ പരിഗണിക്കാനുള്ള അപേക്ഷകൾ നാളെ (ബുധൻ) മുതൽ നവംബർ 25 വരെ ഓൺലൈനായി രജിസ്റ്റർ ചെയ്യാം. www.mgu.ac.in എന്ന വെബ്സൈറ്റിൽ സ്റ്റുഡന്റ് ഗ്രീവൻസ് പോർട്ടലിൽ ആണ് പരാതികൾ സമർപ്പിക്കേണ്ടത്. പഠിച്ച കോഴ്സ്, രജിസ്റ്റർ നമ്പർ, വർഷം എന്നിവ ഉൾപ്പെടെയുള്ള വിവരങ്ങൾ രേഖപ്പെടുത്തണം. തികച്ചും സൗജന്യമായാണ് ഈ സേവനം സർവ്വകലാശാല ഒരുക്കുന്നത്. അഡ്മിഷൻ, വിവിധ സർട്ടിഫിക്കറ്റുകൾ, പരീക്ഷാഫലം, പുനർമൂല്യനിർണ്ണയം, ഗ്രേസ് മാർക്ക്, ഹാജർ കണ്ടൊണേഷൻ, സ്കോളർഷിപ്പ്, ഇന്റേണൽ പുനഃപരീക്ഷ, അന്തർ സർവ്വകലാശാലാ/ കോളേജ്തല മാറ്റം തുടങ്ങിയ വിഷയങ്ങളിൽ വിദ്യാർത്ഥികൾക്കുള്ള പരാതികൾ സമർപ്പിക്കാവുന്നതാണ്. ബി.ടെക്/ബി.ആർക് വിദ്യാർത്ഥികളുടെ പരാതികൾ ഡിസംബർ 4നും നിയമം, നേഴ്സിംഗ്, പാരാമെഡിക്കൽ, നവീന കോഴ്സുകൾ എന്നിവയുമായി ബന്ധപ്പെട്ട പരാതികൾ ഡിസംബർ 6നും സി.ബി.സി.എസ്.എസ്. യു.ജി./പി.ജി. (റഗുലർ/പ്രൈവറ്റ്), ഗവേഷണം എന്നിവ സംബന്ധിച്ച പരാതികൾ ഡിസംബർ 8നും പരിഗണിക്കുന്നതാണ്. വിദ്യാർത്ഥിക്കോ പ്രതിനിധിക്കോ അതാത് ദിവസം രാവിലെ 10 മുതൽ 1 വരെയും, ഉച്ച കഴിഞ്ഞ് 2 മുതൽ 5 വരെയും അദാലത്ത് സമിതിക്ക് മുൻപിൽ നേരിട്ട് ഹാജരായി പരാതികൾ വിശദീകരിക്കാം. വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ, പ്രോ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, രജിസ്ട്രാർ എം.ആർ. ഉണ്ണി, സിൻഡിക്കേറ്റ് സബ് കമ്മിറ്റി കൺവീനർമാരായ ഡോ. ആർ. പ്രഗാഷ്, ഡോ. എ. ജോസ്, ഡോ. കെ. ഷെറഫുദ്ദീൻ, പ്രൊഫ. ടോമിച്ചൻ ജോസഫ് എന്നിവരടങ്ങിയ ഉന്നതതല മോണിറ്ററിംഗ് കമ്മിറ്റിയാണ് അദാലത്തിന് നേതൃത്വം നൽകുന്നത്.

### അപേക്ഷാ തീയതി

നാലാം വർഷ ബി.എസ്.സി. നഴ്സിംഗ് (2013 അഡ്മിഷൻ റഗുലർ & 2009 - 2012 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ നവംബർ 24 മുതൽ ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ നവംബർ 15 വരെയും 50 രൂപ പിഴയോടെ 16 വരെയും 500 രൂപ സൂപ്പർഫൈനോടെ 18 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർത്ഥികൾ 100 രൂപയും വീണ്ടുമെഴുതുവർ പേപ്പറൊന്നിന് 20 രൂപ വീതവും സി.വി. ക്യാമ്പ് ഫീസായി പരീക്ഷാ ഫീസിനു പുറമെ അടയ്ക്കണം.

മൂന്നാം സെമസ്റ്റർ എം.എച്ച്.ആർ.എം. (2016 അഡ്മിഷൻ റഗുലർ & 2016ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ നവംബർ 28ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ നവംബർ 17 വരെയും 50 രൂപ പിഴയോടെ 18 വരെയും 500 രൂപ സൂപ്പർഫൈനോടെ 20 വരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർത്ഥികൾ 150 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 30 രൂപ വീതവും സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിനു പുറമെ അടയ്ക്കണം.

നാലാം സെമസ്റ്റർ എം.എസ്.സി. മെഡിക്കൽ ബയോകെമിസ്ട്രി (2015 അഡ്മിഷൻ റഗുലർ & 2015ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ നവംബർ 24ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ നവംബർ 16 വരെയും 50 രൂപ പിഴയോടെ 17 വരെയും 500 രൂപ സൂപ്പർഫൈനോടെ 20 വരെയും സ്വീകരിക്കും.

**പരീക്ഷ മാറ്റി**

ഇന്നുമുതൽ (നവംബർ 14) നടത്താൻ നിശ്ചയിച്ചിരുന്ന ഒന്നാം സെമസ്റ്റർ ബി.പി.ഇ.എസ്. (നാലുവർഷ ഇന്റഗ്രേറ്റഡ് പ്രോഗ്രാം, 2016 മുതൽ അഡ്മിഷൻ) പരീക്ഷകൾ മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട്.

**വൈവാവോസി**

2017 ഒക്ടോബറിൽ നടത്തിയ രണ്ടാം വർഷ എം.ഫാം. പരീക്ഷയുടെ വൈവാവോസിയും ഡിസർട്ടേഷൻ മൂല്യനിർണ്ണയവും നവംബർ 16ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**